നം. എം(4) 101305/15/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി : 13.01.2016

## സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം - 'വിജയപ്പത്ത്' വിക്ടേഴ്സ് ചാനൽ പത്താം ക്ലാസ് വിദ്യാർത്ഥികൾക്കു വേണ്ടി റിയാലിറ്റി ഷോ നടത്തുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

ഐ.ടി@സ്കൂൾ വിക്ടേഴ്സ് ചാനൽ ഈ വർഷത്തെ (2015-16) പത്താം ക്ലാസ് വിദ്യാർത്ഥികൾക്കു വേണ്ടി പ്രത്യേക റിയാലിറ്റി ഷോ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സർക്കാർ, എയിഡഡ്, സംസ്ഥാന സിലബസ് പഠിപ്പിക്കുന്ന അംഗീകൃത അൺ എയിഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് ഇതിൽ പങ്കെടുക്കാം. സ്കൂൾതലം മുതൽ സംസ്ഥാനതലം വരെ മത്സരങ്ങൾ നടത്തി വിജയികളെ കണ്ടെത്തുന്ന **'വിജയപ്പത്ത്'** റിയാലിറ്റിഷോ നടത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

### സ്കൂൾതലം

- രണ്ടാംപാദ വാർഷിക പരീക്ഷയിൽ ഗണിതം, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, സോഷ്യൽ സയൻസ് എന്നീ വിഷയങ്ങൾക്ക് ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന ഒരു പത്താംക്ലാസ് വിദ്യാർത്ഥിയെ ഒരു സ്കൂളിൽ നിന്ന് തെരഞ്ഞെടുത്ത് ജില്ലാതല മത്സരത്തിനായി അയയ്ക്കേണ്ടതാണ്.
- പ്രഥമാധ്യാപകൻ/അധ്യാപികയും ക്ലാസധ്യാപകരും ചേർന്ന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കേണ്ടതാണ്. പഠന മികവും ഉന്നതതലത്തിലേക്ക് മത്സരിക്കുന്നതിനുള്ള താല്പര്യവും കഴിവുമായിരിക്കണം വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം.
- പരാതികൾക്കിട വരാത്തവിധം വിദ്യാർത്ഥികളെ തെരഞ്ഞെടുക്കേണ്ടതാണ്. സ്കൂളിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികൾ രണ്ടിലധികമുണ്ടെങ്കിൽ അവർക്ക് പ്രത്യേക പരീക്ഷ സ്കൂളധികൃതർ നടത്തി രണ്ട് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കേണ്ടതാണ്.
- സ്കൂൾതലത്തിൽ വിദ്യാർത്ഥികളെ തെരഞ്ഞെടുത്തതിനുള്ള പൂർണ്ണ ഉത്തരവാദിത്വം അതത് ക്ലാസധ്യാപകർക്കും പ്രഥമാധ്യാപകർക്കുമായിരിക്കും.
- സ്കൂളുകളിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരു വിദ്യാർത്ഥിയുടെ പേരുവിവരം 2016 ജനുവരി 18-ാം തീയതി വൈകിട്ട് 4 മണിക്ക് മുമ്പ് ഇ-മെയിലായി അതത് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും പകർപ്പ് ഐടി@സ്കൂൾ പ്രോജക്ടിന്റെ അതത് ജില്ലാ ഓഫീസുകളിലേക്കും നൽകേണ്ടതാണ്.

### വിദ്യാഭ്യാസ ജില്ലാതലം

- ഓരോ സ്കൂളിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു വിദ്യാർത്ഥിയെ ഉൾപ്പെടുത്തി 27.01.2016-ന് വിദ്യാഭ്യാസ ജില്ലാതലത്തിൽ പ്രത്യേക മത്സരം നടത്തേണ്ടതാണ്.
- ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും റവന്യൂജില്ലാതല മത്സരത്തിലേക്ക് രണ്ട് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കേണ്ടതാണ്. വിദ്യാഭ്യാസ ജില്ലാതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്നവർ രണ്ടിലധികമുണ്ടെങ്കിൽ അവർക്ക് പ്രത്യേക പരീക്ഷ/ക്വിസ് മത്സരം നടത്തി രണ്ട് പേരെ തെരഞ്ഞെടുക്കേണ്ടതാണ്.

- വിദ്യാഭ്യാസ ജില്ലാതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രത്യേക സർട്ടിഫിക്കറ്റും സമ്മാനവും ഐടി@സ്കൂൾ പ്രോജക്ട് നൽകേണ്ടതാണ്.
- ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഐടി@സ്കൂൾ ജില്ലാ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർമാരുടെ നേതൃത്വത്തിലായിരിക്കണം വിദ്യാഭ്യാസ ജില്ലാതലത്തിൽ ടി പരീക്ഷ നടത്തേണ്ടത്.
- റവന്യൂജില്ലാതല മത്സരത്തിലേക്ക് തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ 27.01.2016-ന് വൈകിട്ട് 4 മണിക്ക് മുമ്പ് ഇ-മെയിലായി അതത് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും പകർപ്പ് ഐടി@സ്കൂൾ പ്രോജക്ടിന്റെ അതത് ജില്ലാ ഓഫീസുകളിലേക്കും നൽകേണ്ടതാണ്.

**<u>റവന്യൂ ജില്ലാതലം</u>**

- ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും റവന്യൂജില്ലാതല മത്സരത്തിലേക്ക് തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ക്വിസ് മത്സരം 29.01.2016-ന് നടത്തേണ്ടതാണ്.
- ക്വിസ് മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികളെ സംസ്ഥാനതല മത്സരത്തിന് തെരഞ്ഞെടുക്കേണ്ടതാണ്. ടി വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ 29.01.2016-ന് വൈകിട്ട് 4 മണിക്ക് മുമ്പ് ഇ-മെയിലായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും (dpisecretsection@gmail.com) പകർപ്പ് ഐടി@സ്കൂൾ പ്രോജക്ടിന്റെ സംസ്ഥാന ഓഫീസിലേക്കും (contact@itschool.gov.in) നൽകേണ്ടതാണ്.
- വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവാദിത്വത്തിൽ ഐടി@സ്കൂൾ ജില്ലാ കോർഡിനേറ്ററുടെ നേതൃത്വത്തിലായിരിക്കണം ജില്ലാതലത്തിൽ ടി പരീക്ഷ നടത്തേണ്ടത്.

**<u>സംസ്ഥാനതലം</u>**

- ഓരോ റവന്യൂജില്ലയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടു വിദ്യാർത്ഥികളെ ഒരു ടീമായി സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.
- സംസ്ഥാനതലത്തിൽ റിയാലിറ്റി ഷോ നടത്തുന്നത് ഐടി@സ്കൂൾ-വിക്ടേഴ്സ് ചാനലാണ്.
- പതിനാല് ജില്ലകളിൽ നിന്നുള്ള മത്സരാർത്ഥികളെ ഉൾപ്പെടുത്തി 22 എപ്പിസോഡുകളായി മത്സരം വിക്ടേഴ്സ് ചാനലിന്റെ തിരുവനന്തപുരം സ്റ്റുഡിയോയിൽ വച്ച് നടത്തേണ്ടതാണ്.
- സംസ്ഥാനതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിക്കുന്ന ടീമിന് വിദ്യാഭ്യാസ വകുപ്പ് സർട്ടിഫിക്കറ്റും സ്വർണ്ണ മെഡലും നൽകുന്നതാണ്.

M S Jaya

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർ/ഡി.ഇ.ഒ/ഡി.ഡി.ഇ-മാർക്കും

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ പ്രോജക്ട്